# KERALA POLICE INFORMATION CENTRE

Ph: 0471 2318188 Email: *info.pol@kerala.gov.in*

No.15/PR/PIC/PHQ/18 Date : 30.01.2018

## പത്രക്കുറിപ്പ്

പ്രത്യേക തരത്തിലുള്ള ചില സ്റ്റിക്കറുകൾ അജ്ഞാത വ്യക്തികൾ വീടുകളിൽ പതിക്കുന്നുവെന്നും കുട്ടികളെ തട്ടിക്കൊണ്ടുപോകുന്ന സംഘത്തിൽപ്പെട്ടവരാണ് ഇതിന് പിന്നിലെന്നും തെറ്റിദ്ധാരണയുടെ അടിസ്ഥാനത്തിലുള്ള പ്രചാരണം സാമൂഹിക മാധ്യമങ്ങളിൽ വരുന്നുണ്ട്. ഇത്തരമൊരു സാഹചര്യം കഴിഞ്ഞവർഷം വടക്കൻ കേരളത്തിൽ, വിശേഷിച്ചും മലപ്പുറത്ത് ഒരു വർഷം മുമ്പ് ഉണ്ടായി. അതേത്തുടർന്ന് ജില്ലകളിലെ എല്ലാ മുതിർന്ന പോലീസ് ഉദ്യോഗസ്ഥർക്കും ജാഗ്രതാ നിർദ്ദേശം നൽകുകയും തുടർന്നുനടന്ന പ്രാഥമികാന്വേഷണത്തിൽ അത്തരം ഒരു സംഭവവും നടന്നിട്ടില്ലായെന്നും അതുസംബന്ധിച്ച് ആശങ്കകൾക്ക് അടിസ്ഥാനമില്ലായെന്നും വ്യക്തമായി.

ഇത്തവണയും അതുപോലെ അന്വേഷണം നടത്തിയെങ്കിലും കുട്ടികളെ തട്ടിക്കൊണ്ടുപോകുന്നവരാണ് ഇതിനുപുറകിലെന്ന വസ്തുതയ്ക്ക് അടിസ്ഥാനില്ലെന്നാണ് കണ്ടെത്തിയിട്ടുള്ളത്.

ഇതുസംബന്ധിച്ച് സംസ്ഥാനത്തെ എല്ലാ പോലീസ് സ്റ്റേഷനുകൾക്കും കൺട്രോൾ റൂമുകൾക്കും ജാഗ്രതാ നിർദ്ദേശം നൽകിയിട്ടുണ്ട്. ഇത്തരം ആശങ്കകൾ ഏതെങ്കിലും വ്യക്തികൾ അറിയിച്ചാൽ എത്രയുംവേഗം അതുസംബന്ധിച്ച അന്വേഷണവും തുടർനടപടികളുണ്ടാകണമെന്ന നിർദ്ദേശവും നൽകിയിട്ടുണ്ട്. ആയതിനാൽ തെറ്റായ വിവരങ്ങളുടെ അടിസ്ഥാനത്തിലുള്ള ഇത്തരം പ്രചാരണം അവസാനിപ്പിക്കുന്നതിന് പൊതുജനങ്ങൾ സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു

**ലോക്നാഥ് ബെഹറ ഐ.പി.എസ്**
സംസ്ഥാന പോലീസ് മേധാവി